LIBRARY ARCHIVES Kerala Legislative Assembly

വളക്കൈ-കൊയ്യം-വേളം-മയ്യിൽ റോഡ് പ്രവൃത്തിയുടെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാർ നൽകിയ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പുതുക്കി സമർപ്പിക്കാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2021-22 ബഡ്ജറ്റിൽ കരുവഞ്ചാൽ പാലത്തിന് 600 ലക്ഷം രൂപയുടെ അടങ്കൽ തുകയ്ക്കായി 120 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. 2019-ലെ ഏറ്റവും ഉയർന്ന ജലനിരപ്പിനനുസരിച്ച് പൊതുമരാമത്ത് വകുപ്പ് രൂപകൽപ്പന വിഭാഗം പുതുക്കി നൽകുന്ന രൂപരേഖ ലഭ്യമാകുന്നതിനനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഇവയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഭരണാനുമതിയാകുന്നമുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള മലയോര ഹൈവേ

61 (810) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എഫ്.ഐ. (ഡിസ്ട്രിക് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ) പദ്ധതിയിൽ ഉൾപ്പെടുത്തി ഉദ്ഘാടനം നിർവ്വഹിച്ച ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള മലയോര ഹൈവേയിൽ എസ്റ്റിമേറ്റ് പ്രകാരം ഇനി പ്രവൃത്തികളേതെങ്കിലും അവശേഷിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അഡീഷണൽ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(ബി) ഇതിൽ അവശേഷിക്കുന്ന പുറഞ്ഞാൺ മുതൽ പയ്യാവൂർ ടൗൺ വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി മലയോരഹൈവേ നിലവാരത്തിൽ നവീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നിലവിൽ ഡി.എൽ.പി.-യിൽ ഉൾപ്പെടുത്തി (7 മീറ്റർ ക്യാരേജ് വേ ബി.എം. & ബി.സി. ചെയ്ത് നവീകരിച്ച) പുറഞ്ഞാൺ മുതൽ പയ്യാവൂർ ടൗൺ വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി മലയോര ഹൈവേ നിലവാരത്തിൽ നവീകരിക്കുവാനുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

(സി) കഴിഞ്ഞ പ്രളയകാലത്ത് മലയോര ഹൈവേയിൽ മൂണ്ടാന്നൂർ തോണിക്കടവ് ഭാഗത്ത് മണ്ണിടിഞ്ഞ് റോഡ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നവീകരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധനാ ഘട്ടത്തിലാണ്.

വടകര - വില്യാപ്പള്ളി - ചേലക്കാട് റോഡ് നവീകരണം

62 (811) <u>ശ്രീ. കെ. പി. കുഞ്ഞഹമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര - വില്യാപ്പള്ളി - ചേലക്കാട് റോഡ് നിർമ്മാണത്തിനായി എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തിയ വടകര - വില്യാപ്പള്ളി - ചേലക്കാട് റോഡ് പ്രവൃത്തിക്ക് 58.29 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.

(ബി) ഈ റോഡിന്റെ പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) നിലവിൽ ഈ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്നും എന്താണ് തടസ്സമെന്നും വ്യക്തമാക്കുമോ ?

നിലവിൽ സൗജന്യമായി സ്ഥലം ഏറ്റെടുക്കുന്നതിനാണ് പ്രസ്തുത പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ വടകര ടൗൺ, വില്ല്യാപ്പള്ളി, തണ്ണീർപ്പന്തൽ എന്നിവിടങ്ങളിലെ വ്യാപാരസ്ഥാപനങ്ങൾ പൊളിച്ചുമാറ്റുകയും കുനിങ്ങാട് 90 ഡിഗ്രി വളവ് നിവർത്തുകയും ചെയ്യുന്നതിന് അധിക സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ആയതിനാൽ ജനപ്രതിനിധികളും നാട്ടുകാരുമായി ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്.

(ഡി) എന്നത്തേയ്ക്ക് ഈ റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

സ്ഥലം സൗജന്യമായി ഏറ്റെടുക്കുന്നത് പൂർത്തീകരിച്ച് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly